بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 24.11.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## ഇമാമിന്റെ ആവശ്യകത: വാഗ്ദത്ത മഹ്ദീ മസീഹ് (അ)

اَشۡهَدُ اَنۡ لَّاۤاِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ
نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഹദ്റത് മസീഹ് മൗഊദ്(അ) തന്റെ ആഗമന ലക്ഷ്യവും ഈ കാലഘട്ടത്തിൽ ഒരു പരിഷ്കർത്താവിന്റെ വരവിന്റെ ആവശ്യകതയും തന്റെ ലിഖിതങ്ങളിലും പാഠങ്ങളിലും പലയിടത്തും പ്രസ്താവിച്ചിട്ടുണ്ട്. അല്ലാഹുവിൽനിന്നുള്ള ആ മഹാത്മാവിന്റെ ആഗമനം ഈ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നെന്നും അത് അല്ലാഹുവിന്റെ സുന്നത്തും നബി(സ)യുടെ പ്രവചനപ്രകാരവുമാണെന്നും തെളിയിച്ചിട്ടുണ്ട്. ആ മഹാത്മാവ് പറയുന്നു:

ന്യായപൂർത്തിക്കായി ഞാൻ വ്യക്തമാക്കാനാഗ്രഹിക്കുന്നത്, അല്ലാഹു ഈ യുഗത്തെ അന്ധകാരത്തിലും ഈ ലോകത്തെ അശ്രദ്ധയിലും അവിശ്വാസത്തിലും ശിർക്കിലും മുങ്ങിയതായി കണ്ട്, വിശ്വാസത്തിന്റെയും സത്യസന്ധതയുടെയും ഭക്തിയുടെയും ധർമ്മത്തിന്റെയും തകർച്ച കണ്ടുകൊണ്ട് വീണ്ടും ലോകത്ത് വൈജ്ഞാനികവും കർമപരവും ധാർമ്മികവും വിശ്വാസപരവുമായ സത്യത്തെ പ്രകടമാക്കാനും തത്വചിന്തയുടെയും പ്രകൃതിവാദത്തിന്റെയും ഭൗതികേഛ്ചയുടേയും ശിർക്കിന്റേയും നിർമതവാദത്തിന്റെയും വേഷത്തിൽ, ഇസ്‌ലാമാകുന്ന ഈ ദൈവിക പൂങ്കാവനത്തിന് എന്തെങ്കിലും ദോഷം വരുത്താൻ ആഗ്രഹിക്കുന്നവരുടെ ആക്രമണത്തിൽനിന്ന് രക്ഷിക്കുന്നതിനായി അല്ലാഹു എന്നെ അയച്ചിരിക്കുന്നു. സത്യാന്വേഷികളേ, ഇസ്‌ലാമിന് ദൈവീക സഹായം ആവശ്യമായി വരുന്ന സമയമല്ലേ ഇത് എന്ന് ചിന്തിക്കൂ, കഴിഞ്ഞ 13ാം നൂറ്റാണ്ടിൽ ഇസ്‌ലാമിന് എന്തെല്ലാം ആഘാതങ്ങൾ ഉണ്ടായെന്നും വഴികേടിന്റെ വ്യാപനത്താൽ സഹിക്കാനാവാത്ത എത്ര മുറിവുകളാണ് ഉണ്ടായതെന്നും നിങ്ങൾക്ക് ഇതുവരെ വ്യക്തമായിട്ടില്ലേ, ഇസ്‌ലാമിന് എന്ത് ആപത്താണ് സംഭവിച്ചതെന്ന് നിങ്ങൾക്ക് ഇതുവരെ മനസ്സിലായിട്ടില്ലേ? അക്കാലത്ത് എത്രപേർ ഇസ്‌ലാം വിട്ടു എന്നും എത്രപേർ ക്രിസ്ത്യാനികളായി എന്നും എത്രമാത്രം പ്രകൃതിവാദികളായെന്നും തൗഹീദിന്റെയും സുന്നത്തിന്റെയും സ്ഥാനത്ത് ശിർക്കും അനാചാരങ്ങളും എത്രത്തോളം വന്നുവെന്നും ഇസ്‌ലാമിനെ മോശമാക്കി എത്രമാത്രം ഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധീകരിച്ചെന്നുമുള്ള കാര്യങ്ങൾ നിങ്ങൾക്ക് അറിവില്ലേ? അതിനാൽ നിങ്ങൾ ചിന്തിച്ചു പറയുക, ബാഹ്യആക്രമണങ്ങളെ ചെറുക്കുന്നതിന് ഈ നൂറ്റാണ്ടിൽ അല്ലാഹുവിൽനിന്ന് ഒരു വ്യക്തി ആഗതനാകേണ്ടത് അനിവാര്യമല്ലായിരുന്നോ? ആവശ്യമായിരുന്നെങ്കിൽ ദൈവിക അനുഗ്രഹത്തെ മനഃപൂർവം നിരസിക്കരുത്, തുടക്കം മുതൽ നബി(സ) അറിയിച്ച ഈ നൂറ്റാണ്ടിലേക്ക് അനുയോജ്യനായ ഈ വ്യക്തിയിൽനിന്ന് വ്യതിചലിക്കരുത്.

അതുപോലെ, ആഗതനാകുന്ന ഒരാളുടെ സത്യസന്ധതയെ വിലയിരുത്തുന്നതിനുള്ള മാനദണ്ഡം വിവരിച്ചുകൊണ്ട് മഹാത്മാവ് പറയുന്നു: ഒരാൾ സത്യസന്ധനായിരിക്കണമെങ്കിൽ, അയാളുടെ വ്യക്തമായ അടയാളങ്ങൾ ഏതെങ്കിലും ദൈവീക ഗ്രന്ഥത്തിൽ ഉണ്ടായിരിക്കണമെന്നില്ല. ഈ നിബന്ധന അനിവാര്യമായിരുന്നെങ്കിൽ, ഒരു പ്രവാചകന്റെയും പ്രവാചകത്വം തെളിയിക്കപ്പെടുമായിരുന്നില്ല. ഒരു വ്യക്തിയുടെ പ്രവാചകവാദത്തിൽ ആദ്യം, കാലഘട്ടത്തിന്റ അനിവാര്യതയെ നോക്കുകയെന്നതാണ് യഥാർത്ഥ വസ്തുത. രണ്ടാമത്, നിശ്ചയിച്ച സമയത്തു വന്നോ ഇല്ലയോ എന്നും നോക്കുക. തുടർന്ന് അദ്ദേഹത്തെ ദൈവം പിന്തുണച്ചോ ഇല്ലയോ എന്നും നോക്കേണ്ടതാണ്. ശത്രുക്കൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾക്ക് പൂർണ്ണമായ മറുപടി നൽകിയോ ഇല്ലയോ എന്നും തുടർന്ന് വീക്ഷിക്കേണ്ടതാണ്. ഇതെല്ലാം പൂർത്തിയാകുമ്പോൾ മാത്രമേ ആ വ്യക്തി സത്യവാനാണെന്ന് അംഗീകരിക്കപ്പെടുകയുള്ളൂ. ഇക്കാലത്ത് ഇസ്‌ലാമിക ഭിന്നിപ്പിനെ അകറ്റാനും ബാഹ്യ ആക്രമണങ്ങളിൽ നിന്ന് ഇസ്‌ലാമിനെ രക്ഷിക്കാനും

ലോകത്ത് നഷ്ടപ്പെട്ട ആത്മീയത പുനഃസ്ഥാപിക്കാനും ഒരു ദൈവീക പരിഷ്കർത്താവ് വേണമെന്ന് കാലം വിളിച്ചോതുന്നുണ്ടെന്ന് ഇപ്പോൾ വ്യക്തമാണ്. അത് ദൃഢവിശ്വാസത്തിന്റെ വേരുകൾക്ക് വെള്ളം നൽകുന്നതും അങ്ങനെ അവരെ തിന്മയിൽനിന്നും പാപത്തിൽനിന്നും മോചിപ്പിച്ച് അവരെ നന്മയിലേക്കും പരിശുദ്ധതയിലേക്കും മാറ്റുന്നതാണ്. അതിനാൽ, യഥാസമയത്തുള്ള എന്റെ വരവിനെ ഒരു കഠിനവിരോധിക്കല്ലാതെ മറ്റാർക്കും നിഷേധിക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. അത്രയും സ്പഷ്ടമായ കാര്യമാണ് അത്. ആ പ്രവാചകന്മാർ നിശ്ചയിച്ച സമയത്താണോ വന്നതെന്ന് നോക്കണം എന്ന രണ്ടാമത്തെ നിബന്ധനയും ഞാൻ വന്നപ്പോൾ നിറവേറ്റപ്പെട്ടു. കാരണം, ആറാം സഹസ്രാബ്ദം അവസാനിക്കുമ്പോൾ, വാഗ്ദത്ത മസീഹ് പ്രത്യക്ഷനാകുമെന്ന് പ്രവാചകന്മാർ മുൻകൂട്ടിപ്പറഞ്ഞിരുന്നു. അങ്ങനെ ചന്ദ്രഗണന പ്രകാരം ഹദ്റത്ത് ആദമിന്റെ കാലം മുതൽ  ആറായിരം അവസാനിച്ചു. സൗര കണക്കുപ്രകാരം ആറായിരം അവസാനിക്കാൻ പോകുന്നു. അതുകൂടാതെ, എല്ലാ നൂറ്റാണ്ടിന്റെ തുടക്കത്തിലും ദീനിനെ പുനരുദ്ധീകരിക്കുന്ന ഒരു മുജദ്ദിദ് ഉണ്ടാകുമെന്നും നമ്മുടെ തിരുനബി(സ) പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഈ പതിനാലാം നൂറ്റാണ്ടിൽ ഇരുപത്തിയൊന്ന് വർഷം കഴിഞ്ഞു; ഇരുപത്തിരണ്ടിലൂടെ പോയിക്കൊണ്ടിരിക്കുന്നു. ഇത് മുജദ്ദിദ് വന്നു എന്നതിന്റെ അടയാളമല്ലേ.?

ഹുസൂർ തിരുമനസ്സ് പറയുന്നു: മറ്റുള്ളവർ വിശ്വസിച്ചാലും ഇല്ലെങ്കിലും നമ്മുടെ എതിരാളികൾ വാഗ്ദത്ത മസീഹിന്റെ സത്യം അംഗീകരിച്ചാലും ഇല്ലെങ്കിലും ഇസ്‌ലാമിന്റെ നൗകയെ സംരക്ഷിക്കാൻ ഇസ്‌ലാമിൽ മഹ്ദിയുടേയും പരിഷ്കർത്താവിന്റേയും ആവശ്യമുണ്ടെന്ന് അവർ തന്നെ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുകയാണ്.

എന്നാൽ വരാനിരിക്കുന്ന, പ്രവചനങ്ങൾ അനുസരിച്ച് വന്ന, കാലത്തിന്റെ ആവശ്യാനുസരണം വന്ന, ആ മഹാത്മാവിനെ അംഗീകരിക്കാൻ തയ്യാറല്ല. ഹദ്റത് മസീഹ് മൗഊദ്(അ) വാദം അവതരിപ്പിക്കുക മാത്രമല്ല ചെയ്തത്. ഈ വാദത്തോടൊപ്പം നിരവധി അടയാളങ്ങൾ കാണിക്കുകയും ചെയ്തു. ഒരിടത്ത് ആ മഹാത്മാവ് പറയുന്നു: ഇന്നേക്ക് ഇരുപത്തി മൂന്ന് വർഷം മുമ്പ്, ബറാഹീനെ അഹ്മദിയയിൽ വെളിപാട് (രേഖപ്പെടുത്തിയിട്ട്) ഉള്ളത്, ഈ പ്രസ്ഥാനത്തെ ഇല്ലായ്മ ചെയ്യാൻ ആളുകൾ ശ്രമിക്കും എല്ലാ കുതന്ത്രങ്ങളും പ്രവർത്തിക്കും എന്നാൽ ഞാൻ ഈ പ്രസ്ഥാനത്തെ വളർത്തുകയും പൂർണതയിലെത്തിക്കുകയും ചെയ്യുന്നതാണ്. അത് ഒരു സൈന്യമായിത്തീരുകയും ഖിയാമത്തു നാൾവരെ  മേൽക്കോയ്മ നേടുകയും ചെയ്യും. ഞാൻ നിന്റെ നാമത്തെ ഭൂമിയുടെ അറ്റംവരെ പ്രസിദ്ധമാക്കും, ദൂരെനിന്ന് ആളുകൾ കൂട്ടമായി വരും, എല്ലാ ഭാഗത്തുനിന്നും സാമ്പത്തിക സഹായം വരുന്നതാണ്. ഭവനങ്ങളെ വിശാലമാക്കുക. ഇതിന്റെ തയ്യാറെടുപ്പുകൾ ആകാശത്ത് നടന്നുകൊണ്ടിരിക്കുന്നു.

ഇപ്പോൾ പൂർത്തിയായിരിക്കുന്ന ഈ പ്രവചനങ്ങൾ ഏത് കാലത്തേത് ആണെന്ന് നോക്കുക. കണ്ണുള്ളവർ ഇതിനെ കാണുന്നു; അന്ധരായവർക്ക് ഇതുവരെ ഒരു അടയാളവും പ്രകടമായിട്ടില്ല.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇന്നും അഹ്മദിയ്യാ ജമാഅത്തിന്റെ വികസനവും ജനലക്ഷങ്ങൾ ജമാഅത്തിൽ ചേരുന്നതും ത്യാഗങ്ങളിൽ മുൻകടക്കുന്നതും ആ മഹാത്മാവിന്റെ സത്യതക്കുള്ള  തെളിവാകുന്നു.

ആ മഹാത്മാവിന്റെ സന്ദേശം എത്താത്ത ഒരു രാജ്യവും ലോകത്തില്ല. ആ മഹാത്മാവിന്റെ സന്ദേശം കാരണം സൗഭാഗ്യരായ ആളുകളെ ഇസ്‌ലാമിലേക്ക് ആകർഷിക്കുന്നു. മറിച്ച്, ചില സ്ഥലങ്ങളിൽ അല്ലാഹു സ്വയം ജനങ്ങൾക്ക് നേർവഴി കാണിച്ച് അവർ ജമാഅത്തിൽ ചേർന്ന സംഭവങ്ങളും ഉണ്ട്. എതിരാളികളുടെ എതിർപ്പിനെ അവഗണിച്ച് ജമാഅത്തിന്റെ വിശ്വാസത്തെ അല്ലാഹു ഉറപ്പിച്ചു; ഉറപ്പിച്ചുകൊണ്ടേയിരിക്കുന്നു. ദൈവിക പിന്തുണയുടെ ഈ ദർശനങ്ങൾ ഇന്നും നാം കണ്ടുകൊണ്ടിരിക്കുന്നു. ഇത് ഒരു അഹ്മദിക്ക് വിശ്വാസത്തെ ശക്തിപ്പെടുത്തുന്ന കാര്യമാണ്.

അതിനുശേഷം, ലോകമെമ്പാടുമുള്ള സൗഭാഗ്യരായിട്ടുള്ള ആളുകൾ സത്യംസ്വീകരിക്കുന്നതിന്റേയും വിശ്വാസത്തിൽ പുരോഗതി പ്രാപിക്കുന്നതിന്റേയും വിവിധ സംഭവങ്ങൾ ഹുസൂർ തിരുമനസ്സ് വിവരിക്കുകയുണ്ടായി.

ഹുസൂർ തിരുമനസ്സ് പറയുന്നു: അല്ലാഹു എങ്ങനെയാണ് മനുഷ്യരുടെ ഹൃദയങ്ങളെ ഇസ്‌ലാമിലേക്കും വാഗ്ദത്ത മസീഹിലേക്കും തിരിക്കുന്നത് (എന്ന് നോക്കുക). ക്രിസ്ത്യാനിറ്റി അതിന്റെ പതാക ലോകത്ത് നാട്ടുന്നതിനെക്കുറിച്ച് സംസാരിച്ചിരുന്നിടത്ത്, ഇപ്പോൾ ക്രിസ്ത്യാനികൾ മുഹമ്മദ് നബി(സ)യുടെ പതാകയ്ക്ക് കീഴിൽ വന്നുകൊണ്ടിരിക്കുന്നു. ഇതെല്ലാം കണ്ടിട്ടും നാമധാരികളായ ഈ മതത്തിന്റെ കോൺട്രാക്ടർമാരുടെ കണ്ണ് തുറക്കുന്നില്ലാ എങ്കിൽ പിന്നെ അവരുടെ കാര്യം സർവശക്തനായ ദൈവത്തിങ്കലാണ്.

മസീഹ് മൗഊദ്(അ)ലൂടെ ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിന്റെ എല്ലാ കോണുകളിലേക്കും വ്യാപിപ്പിക്കാൻ അല്ലാഹു അഹ്‌മദിയ്യാ ജമാഅത്ത് മുഖേന പ്രവർത്തിക്കുന്നു. ഇൻശാ അല്ലാഹ് അത് വളരുകയും വ്യാപിക്കുകയും ചെയ്യും. ഈ ദൈവിക പ്രവർത്തനത്തെ തടയാൻ ആർക്കും സാധ്യമല്ല. എന്നാൽ ഓരോ അഹ്‌മദിയും മനസ്സിലാക്കേണ്ടത്, ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങളെ അംഗീകരിച്ചാൽ മാത്രം പോരാ; നബി(സ)യുടെ സുന്നത്തിനെ അനുസരിക്കുന്നതിന്റെ പ്രായോഗിക മാതൃകയും, അല്ലാഹു അയച്ച അധ്യാപനങ്ങളുടെ യഥാർത്ഥ മാതൃകയുമായ ആ പരിശുദ്ധമായ മാറ്റങ്ങൾ നാം നമ്മുടെയുള്ളിൽ സൃഷ്ടിക്കണം. അങ്ങനെ സംഭവിക്കുമ്പോൾ മാത്രമേ നാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകൂ. അല്ലാഹു നമുക്ക് അതിനു തൗഫീഖ് നൽകട്ടെ.

അതിനുശേഷം പലസ്തീനിലെ മർദിതരായ മുസ്‌ലിംകൾക്ക്‌വേണ്ടി നിരന്തരം ദുആ ചെയ്യാൻ ആഹ്വാനം ചെയ്തുകൊണ്ട് പറഞ്ഞു: ഫലസ്തീനികൾക്കുവേണ്ടിയും പ്രാർത്ഥിക്കുക, അല്ലാഹു അവർക്കുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമത്തിൽ നിന്ന് അവരെ മോചിപ്പിക്കട്ടെ. ഇപ്പോൾ കുറച്ച് ദിവസത്തേക്ക് വെടിനിർത്തൽ ഉണ്ടെന്ന് അവർ പറയുന്നു; അതുമൂലം ജീവിതത്തിന്റെ അത്യാവശ്യങ്ങൾക്ക് സഹായങ്ങൾ എത്തിക്കാനും, പക്ഷേ അതിനുശേഷം എന്ത് സംഭവിക്കും? സഹായമെത്തിച്ച ശേഷം അവരെ അടിക്കുന്നതാണ്. ഇസ്റായേൽ ഗവൺമെന്റിന്റെ ഉദ്ദേശ്യങ്ങൾ ഭയാനകമാണെന്ന് മനസ്സിലാകുന്നു; കാരണം ഈ വെടിനിർത്തലിന് ശേഷം ഉടൻ യുദ്ധം ആരംഭിച്ചില്ലെങ്കിൽ ഞാൻ സർക്കാരിൽനിന്നും ഒഴിഞ്ഞുപോകുമെന്ന് അവരുടെ ഗവൺമെന്റിന്റെ ഒരു പ്രത്യേക ഉപദേഷ്ടാവ് ഇന്നലെ പ്രഖ്യാപിച്ചു. അപ്പോൾ ഇത്തരത്തിലാണ് അവരുടെ ചിന്താഗതികൾ.

വൻശക്തികൾ പ്രത്യക്ഷത്തിൽ സഹാനുഭൂതി പ്രകടിപ്പിക്കുന്നു, പക്ഷേ അവർ നീതി നടപ്പാക്കാൻ ആഗ്രഹിക്കുകയോ ഈ വിഷയത്തെ അവർ ഗൗരവമായി എടുക്കുകയോ ചെയ്യുന്നില്ല. ഇതിനെ കുറിച്ച് ശരിക്ക് അവർക്കറിയുകയുമില്ല; ഇത് അവിടെ ഒതുങ്ങുമെന്ന് അവർ കരുതുന്നു, എന്നാൽ ഈ യുദ്ധം ആ പ്രദേശങ്ങളിൽ മാത്രമല്ല, പുറത്ത് വ്യാപിച്ച് അവരുടെ രാജ്യങ്ങളിലും എത്തുമെന്ന് ബുദ്ധിയുള്ളവരും പറഞ്ഞു തുടങ്ങിയിരിക്കുന്നു.

മുസ്‌ലിം രാഷ്ട്രങ്ങളും ശബ്ദമുയർത്താൻ തുടങ്ങിയിരിക്കുന്നു. മുസ്‌ലിംകളുടേത് ഒരേ ശബ്ദമായിരിക്കണമെന്നു സൗദി രാജാവ് പറയുന്നതായി കേട്ടു. അതിനായി ഒരേ ശബ്ദമായി മാറുകയും യോജിച്ച ശ്രമം നടത്തുകയും വേണം. ഈ വികാരം അവർക്കുണ്ടെങ്കിൽ ഈ വികാരം പ്രാവർത്തികമാക്കാനുള്ള കഴിവ് അല്ലാഹു തആല അവർക്ക് നൽകുമാറാകട്ടെ. എന്തായാലും ദുആകളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുക.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് 5 മർഹൂമീങ്ങളെ അനുസ്മരിക്കുകയും അവരുടെ ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുമുണ്ടായി. അവരിൽ, മുബല്ലിഗ് അബ്ദുസ്സലാം ആരിഫ് സാഹിബ്, കാനഡയിലെ മുഹമ്മദ് ഖാസിം ഖാൻ സാഹിബ്, മുൻ നാഇബ് നാസിർ ബൈത്തുൽമാൽ ഖർച്ചും ജമാഅത്തിലെ പ്രശസ്ത കവിയുമായിരുന്ന അബ്ദുൽ കരീം ഖുദ്സി സാഹിബ്, മിയാൻ റഫീഖ് അഹ്‌മദ് ഗോന്ദൽ സാഹിബ്, ലാഹോറിലെ സയ്യിദ് ലയീഖ് അഹ്‌മദ് സാഹിബ് ശഹീദിന്റെ ഭാര്യ അമേരിക്കയിലെ നസീമ ലയീഖ് സാഹിബ എന്നിവർ ഉൾപ്പെടുന്നു. പരേതരുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനുംവേണ്ടി ഹുസൂർ ദുആ ചെയ്തു.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak, Islamabad, Tilford, UK – on 24.11.2023

Malayalam Translation & Typing **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516